"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - വൈക്കം നഗരസഭയിൽ ബ്ലോക്ക് നം. 1-ൽ സർവ്വേ നം. 39/2-ൽപ്പെട്ട 10 സെന്റ് സ്ഥലം വഴിക്കും പാർക്കിംഗിനുമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പാട്ട വ്യവസ്ഥയിൽ വിട്ടു നൽകുന്നതിന് അനുവാദം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.2084/2024/LSGD** | **തീയതി, തിരുവനന്തപുരം, 01-11-2024** |

പരാമർശം:-

1. സ.ഉ.(കൈ) നം.257/2021/ത.സ്വ.ഭ.വ. തീയതി, 05/11/2021.
2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 25.11.2021 തീയതിയിലെ 4305/റ്റി1/17/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.
3. വൈക്കം നഗരസഭ ഭരണസമിതിയുടെ 14/02/2023 തീയതിയിലെ 2-ാം നമ്പർ തീരുമാനം.
4. വൈക്കം നഗരസഭ ഭരണസമിതിയുടെ 08/12/2023 തീയതിയിലെ 3 (1) നമ്പർ തീരുമാനം.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/03/2024-ലെ LSGD/PD/41741/2023-AR2 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള നടുവിലെ വില്ലേജിൽ ബ്ലോക്ക് നം. 1-ൽ 39/2, 39/5, 39/6, 39/7-1, 39/7-5 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 80 സെന്റ് സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തീയേറ്റർ നിർമ്മാണത്തിനായി പാട്ടത്തിന് നല്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു

2) എന്നാൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലത്ത് തീയേറ്റർ പ്രവർത്തനം ആരംഭിച്ചു കഴിയുമ്പോഴുള്ള വാഹനത്തിരക്ക് ഒഴിവാക്കുന്നതിലേക്കായി വഴിക്കും പാർക്കിംഗിനുമായി നിലവിൽ അനുവദിച്ചിട്ടുള്ള 80 സെന്റ് സ്ഥലത്തിന് പുറമേ അധിക സ്ഥലം അനുവദിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വൈക്കം നഗരസഭയോട് അഭ്യർത്ഥിക്കുകയുണ്ടായി. വൈക്കം നഗരസഭയുടെ പരാമർശം (3), (4) തീരുമാനങ്ങൾ പ്രകാരം ടി സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല എന്ന നിബന്ധനയോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് വഴിയ്ക്കും പാർക്കിംഗിനുമായി 10 സെന്റ് സ്ഥലം

തീയറ്ററിന്റെ കരാർ കാലാവധി കഴിയും വരെ നിലവിലുള്ള പാട്ടത്തുകയുടെ ആനുപാതികമായ നിരക്കിൽ പാട്ടവ്യവസ്ഥയിൽ വിട്ടു നൽകുവാൻ നഗരസഭ കൗൺസിൽ തീരുമാനം കൈക്കൊണ്ടതായും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനും പരാമർശം (5) കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി തീറാധാരം വാങ്ങിയിട്ടുള്ളതും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് വഴിക്കും പാർക്കിംഗിനുമായി പാട്ട വ്യവസ്ഥയിൽ വിട്ടു നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമായ നടുവിലെ വില്ലേജിൽ ബ്ലോക്ക് നം. 1-ൽ റീസർവ്വേ നമ്പർ 39/2-ൽഉൾപ്പെട്ട 10 സെന്റ് സ്ഥലം ബി.റ്റി.ആർ. പ്രകാരം നിലം എന്ന തരത്തിൽപ്പെട്ടതാകുന്നു. നിർദ്ദിഷ്ട സ്ഥലം പരിശോധിച്ചതിൽ 2008-ന് മുമ്പ് തന്നെ ടി സ്ഥലം പുരയിടമായി നിലനിൽക്കുന്നതാണെന്നും ഡേറ്റാബാങ്കിൽ ഉൾപ്പെടാത്തതാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമില്ലായെന്നും വൈക്കം നഗരസഭ പ്രാദേശിക നിരീക്ഷണസമിതി കൺവീനർ കൂടിയായ കൃഷി ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും നടുവിലെ വില്ലേജിൽ ബ്ലോക്ക് നം. 1-ൽ റീസർവ്വേ നമ്പർ 39/2-ൽ ഉൾപ്പെട്ടതും പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ചതുമായ 80 സെന്റ് സ്ഥലത്തോട് ചേർന്ന് കിടക്കുന്ന 10 സെന്റ് സ്ഥലം, ടി സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല എന്ന നിബന്ധനയോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് വഴിയ്ക്കും പാർക്കിംഗിനുമായി, തീയേറ്റർ എഗ്രിമെന്റിന്റെ കാലാവധി തീരുംവരെ, നിലവിലുള്ള പാട്ടത്തുകയുടെ ആനുപാതിക നിരക്കിൽ, നിയമാനുസൃതമായ അനുബന്ധ കരാർ നഗരസഭയുമായി ഏർപ്പെടണമെന്ന വ്യവസ്ഥയിൽ പാട്ടത്തിനു വിട്ടു നൽകുന്നതിന്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 (1) പ്രകാരം വൈക്കം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത കൈമാറ്റം 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം -7 നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം, ടി ചട്ടങ്ങളിലെ അനുബന്ധം III-ലെ ഫോറം III-ന് അനുസൃതമാണെന്ന് നഗരസഭ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, വൈക്കം നഗരസഭ, കോട്ടയം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ /ഓഫീസ് കോപ്പി (ആർ.ഇ.1/70/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 01-11-2024 15:45:57

സെക്ഷൻ ഓഫീസർ